# സാമൂഹ്യശാസ്ത്രം

## Guidelines

പത്താംക്ലാസിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ ശ്രവണ പരിമിതി കളുള്ള കുട്ടികൾക്ക് വിനിമയം ചെയ്യുമ്പോൾ പാഠപുസ്തകത്തിലെ ആശയങ്ങൾ ഒട്ടും ചോർന്നു പോകാതെ വേണം അനുരൂപീകരണം നടത്താൻ. ഇതിന് പാഠഭാഗങ്ങളിലെ ആശയങ്ങൾ ഒഴി വാക്കാതെ ഇത്തരം കുട്ടികൾക്ക് ആശയ വ്യക്തതയ്ക്ക് അനുയോജ്യമായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തിയാണ് ഈ അനുരൂപീകരണം നടത്തിയിട്ടുള്ളത്. അതിന് താഴെ പറയുന്ന പൊതുധാരണകൾ സ്വീകരിക്കേണ്ടതാണ്.

- ആശയവിനിമയത്തിനുള്ള ശേഷി കുട്ടികളിൽ അന്തർലീനമാണ്. ഈ ശേഷി സംസാരഭാ ഷയായി വികസിപ്പിക്കാൻ സാമൂഹ്യശാസ്ത്രപഠനം പ്രചോദനമാകണം.
- പാഠഭാഗങ്ങൾ വിനിമയം ചെയ്യാൻ പര്യാപ്തമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഏതെന്ന് മുൻകൂട്ടി തീരുമാനിക്കണം.
- ഓരോ പാഠഭാഗവും അവതരിപ്പിക്കുമ്പോൾ അവ സാമൂഹ്യപ്രശ്നങ്ങളുമായി ബന്ധപ്പെ ടുത്തി അവതരിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക.
- പാഠപുസ്തകത്തിലും ഹാന്റ്ബുക്കിലും നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ പര്യാപ്തമ ല്ലെങ്കിൽ പകരം പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതാണ്.
- പാഠഭാഗങ്ങൾ വിനിമയം ചെയ്യുമ്പോൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പ്രോജക്ടുകൾ, ഫീൽഡ്ട്രിപ്പുകൾ, ദിനാചരണങ്ങൾ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗ പ്പെടുത്തേണ്ടതാണ്.
- ഭൂപടങ്ങൾ, ചരിത്രപഠനത്തിനുള്ള ഉപദാനങ്ങൾ (Sources), സാമ്പത്തികശാസ്ത്രത്തിലെ പട്ടികകൾ, ഗ്രാഫുകൾ, ഭൂമിശാസ്ത്രത്തിലെ ഭൂപടങ്ങൾ, ചിത്രങ്ങൾ ഇവ പരിചയപ്പെടു ത്തിന്നതിന് ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തണം. ചാർട്ടുകൾ, മോഡലുകൾ, വീഡിയോ ചിത്രങ്ങൾ ഇവയും ഓരോ ആശയം വ്യക്തമാക്കുന്നതിനും ആവശ്യാനുസ രണം ഉപയോഗപ്പെടുത്തണം.
- മൂല്യനിർണ്ണയ പ്രവർത്തനങ്ങളിൽ Multiple choice ചോദ്യങ്ങൾ, പട്ടികകൾ, ഫ്ളോചാർട്ടു കൾ, ചിത്രവിശകലനം എന്നീ തന്ത്രങ്ങളിൽ കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

# SCHEME OF WORK

| മാസം | സാമൂഹ്യശാസ്ത്രം I | സാമൂഹ്യശാസ്ത്രം II |
|---|---|---|
| ജൂൺ | • ആധുനിക ലോകത്തിന്റെ ഉദയം | • അന്തരീക്ഷ പ്രതിഭാസങ്ങൾ<br>• വികസനവും സമൂഹവും |
| ജൂലൈ | • വിപ്ലവങ്ങളുടെ കാലം | • ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതങ്ങൾ<br>• ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ വിവിധ മേഖലകൾ |
| ആഗസ്റ്റ് | • സാമ്രാജ്യത്വത്തിന്റെ വളർച്ച<br>• ജനാധിപത്യം | • വൻകരകൾ |
| സെപ്റ്റംബർ | • ലോകയുദ്ധവും തുടർച്ചയും | • ഇന്ത്യ-ഭൗതിക ഭൂമിശാസ്ത്രം |
| ഒക്ടോബർ | • രണ്ടാം ലോകയുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും | • ഇന്ത്യ-ഭൗതിക ഭൂമിശാസ്ത്രം (തുടർച്ച) |
| നവംബർ | • പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ധൈഷണിക പ്രവണതകൾ<br>• ദേശീയോദ്ഗ്രഥനം | • ഇന്ത്യ-സാമ്പത്തികഭൂമിശാസ്ത്രം<br>• പണവും ധനകാര്യസ്ഥാപന ങ്ങളും |
| ഡിസംബർ | • ഇന്നത്തെ ഇന്ത്യ | • ഇന്ത്യ-മാനവിക ഭൂമിശാസ്ത്രം<br>• ആഗോളവൽക്കരണം |
| ജനുവരി | • കേരളപ്പുതുമ<br>• മനുഷ്യാവകാശങ്ങൾ | • സമ്പദ്‌വ്യവസ്ഥയും സർക്കാരും |
| ഫെബ്രുവരി | • സമാധാനവും സുരക്ഷിതത്വവും അന്തർദേശീയ സംഘടനകളിലൂടെ | • ഒരൊറ്റ ഭൂമി |
| മാർച്ച് | • മോഡൽ പരീക്ഷ, പൊതുപരീക്ഷ | |

# സാമൂഹ്യശാസ്ത്രം - I

## പാഠപുസ്തകം തയാറാക്കുന്നതിന് സ്വീകരിച്ച സിലബസ് ഗ്രിഡ്

**അധ്യായം 1 :** ആധുനിക ലോകത്തിന്റെ ഉദയം

### പഠനലക്ഷ്യങ്ങൾ

1. മധ്യയുഗത്തിന്റെ അന്ത്യത്തിന് കാരണമായ വസ്തുതകൾ തിരിച്ചറിയുന്നതിന്.
2. ആധുനികയുഗത്തിന്റെ ഉദയരാശിയാവാൻ പൗരസ്ത്യലോകത്തിന് സാധ്യതയുണ്ടായിരുന്നോ എന്ന് അന്വേഷിക്കുന്നത്.
3. ഫ്യൂഡലിസത്തിന്റെ തകർച്ചയെത്തുടർന്ന് യൂറോപ്പിലെ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-സാംസ്കാരിക മേഖലകളിലുണ്ടായ മാറ്റങ്ങൾ തിരിച്ചറിയുന്നതിന്.
4. 15-ാം നൂറ്റാണ്ടിലെ യൂറോപ്പിൽ നവോത്ഥാനം രൂപം കൊള്ളാനിടയായ സാഹചര്യങ്ങളെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും ധാരണ നേടുന്നതിന്.
5. മതനവീകരണപ്രവർത്തനങ്ങളെത്തുടർന്ന് യൂറോപ്പിലുണ്ടായ മാറ്റങ്ങൾ വിശകലനം ചെയ്യുന്നതിന്.
6. ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ വാണിജ്യരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ കണ്ടെത്തുന്നതിനും അത് യൂറോപ്യൻ അധിനിവേശത്തിന് തുടക്കം കുറിച്ചതെങ്ങനെയെന്നും മനസ്സിലാക്കുന്നതിന്.
7. പ്രകൃതിപ്രതിഭാസങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് സാമൂഹികമാറ്റങ്ങൾക്ക് ഇടയാക്കിയതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.
6. യുക്തിബോധത്തിലൂന്നിയ അറിവിന്റെ പുതിയ മണ്ഡലം രൂപപ്പെട്ടതിനെക്കുറിച്ചും അത് സാമൂഹികമാറ്റത്തിന് എങ്ങനെ സഹായകമായെന്നുമുള്ള ധാരണ നേടുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| ആധുനിക ലോകത്തിന്റെ ഉദയം | • ഇന്ത്യാസമുദ്രലോകവ്യവസ്ഥ - വാണിജ്യ - ബന്ധങ്ങൾ - ചൈന, ദക്ഷിണപൂർവ്വേഷ്യ, ദക്ഷിണേഷ്യ, പശ്ചിമേഷ്യ, യൂറോപ്പ് - സാംസ്കാരിക വിനിമയങ്ങൾ - രാഷ്ട്രീയ - ഘടനയിലെ മാറ്റങ്ങൾ<br>• നവോത്ഥാനം-പഴയഗ്രെക്കോ-റോമൻ-പാരമ്പര്യത്തിന്റെ പുനരുജ്ജീവനം-കാരണമായ ഘടകങ്ങൾ-ഇറ്റലിയിലെ നവോത്ഥാനം-മറ്റ് യൂറോപ്യൻരാജ്യങ്ങളിലേക്കുള്ള വ്യാപനം-നവോത്ഥാനത്തിന്റെ സ്വഭാവങ്ങൾ -കണ്ടുപിടിത്തങ്ങൾ.<br>• മതനവീകരണം-കത്തോലിക്കാസഭയിലെ പ്രതിസന്ധി-ജർമ്മനിയിലെ മാർട്ടിൻ ലൂഥർ-കാൽവിൻ- പ്രതിനവീകരണം-മതപരമായ സംഘട്ടനങ്ങൾ. |

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
| --- | --- |
| | • ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ-വർദ്ധിച്ചുവരുന്ന പൗരസ്ത്യവാണിജ്യം-അത്‌ലാന്റിക് തുറമുഖത്തിന്റെ വളർച്ച-സ്പാനിഷ് -പോർട്ടുഗ്രീസ് ശ്രമങ്ങൾ അനാചാരങ്ങൾ -അമേരിക്കയിലെയും ഇന്ത്യയിലെയും യൂറോപ്യൻ അധിനിവേശത്തിന്റെ തുടക്കം.<br>• ശാസ്ത്രരംഗത്തെ വിപ്ലവം- കോപ്പർ നിക്കസ് - പൗരസ്ത്യ സ്വാധീനം - ഇന്ത്യയും ചൈനയും - ഫ്രാൻസിസ് ബേക്കൺ - ഐസക് ന്യൂട്ടൺ - ലിനയസ്സ് (Linneaus)<br>• മധ്യവർഗ്ഗത്തിന്റെ വളർച്ച<br>• ജ്ഞാനോദയം - യുക്തിചിന്തയുടെ കാലം - വോൾട്ടയർ - റൂസ്സോ - ജ്ഞാനോദയത്തിന്റെ സ്വഭാവം<br>• മതനവീകരണം<br>• ശാസ്ത്രരംഗം |

**അധ്യായം 2 :** വിപ്ലവങ്ങളുടെ കാലം

## പഠനലക്ഷ്യങ്ങൾ

1. രാജാധിപത്യത്തിനെതിരെ മധ്യവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ഉയർന്നുവന്ന സമരങ്ങളും അത് ലോകത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടാക്കിയ സ്വാധീനവും തിരിച്ചറിയുന്നതിന്.
2. സാമൂഹ്യവും ധൈഷണികവുമായ മേഖലകളിൽ വ്യവസായ വിപ്ലവം ഉണ്ടാക്കിയ മാറ്റങ്ങൾ കണ്ടെത്തുന്നതിന്.
3. വ്യവസായ വിപ്ലവത്തിന്റെ തുടർച്ചയായി കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങൾ തിരിച്ചറിയുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
| --- | --- |
| വിപ്ലവങ്ങളുടെ കാലം | • ഇംഗ്ലണ്ടിലെ ആഭ്യന്തരസമരം<br>• ഫ്രഞ്ച്‌വിപ്ലവം-കാരണഭൂതമായ ഘടകങ്ങൾ-മധ്യവർഗ്ഗത്തിന്റെ ആധിപത്യം വിപ്ലവത്തിന്റെ ഗതി-നെപ്പോളിയൻ-വിപ്ലവത്തിന്റെ സ്വാധീനം -മറ്റു രാജ്യങ്ങളിൽ- വിപ്ലവലക്ഷ്യങ്ങളുടെ പിന്നോട്ടടി<br>• വ്യവസായവിപ്ലവത്തിന്റെ സാമൂഹ്യവും ധൈഷണികവുമായ സ്വാധീനം-തൊഴിൽ നിയമങ്ങൾ -സാമൂഹ്യപരിഷ്ക്കരണ ശ്രമങ്ങൾ-രാഷ്ട്രീയ -സാമ്പത്തിക ചിന്തകൾ -(റിക്കാർഡോ, മാൽത്തസ്സ്, ബെൻതാം) -ആദ്യകാല സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ<br>• കാർഷികവിപ്ലവം-മൃഗപരിപാലനം |

**അധ്യായം 3** : സാമ്രാജ്യത്വത്തിന്റെ വളർച്ച

## പഠനലക്ഷ്യങ്ങൾ

1. അധിനിവേശത്തിന്റെ പശ്ചാത്തലം മനസ്സിലാക്കുന്നതിന്.
2. യൂറോപ്യൻ അധിനിവേശത്തിനെതിരെ അമേരിക്കയിലും ഏഷ്യയിലും ഉണ്ടായ ചെറുത്തു നില്പുകളെക്കുറിച്ച് ധാരണ നേടുന്നതിന്.
3. വ്യാപാരമുതലാളിത്തത്തിന്റെ വളർച്ച വ്യാവസായിക മുതലാളിത്തത്തിലേക്ക് വഴിവെച്ചത് എങ്ങനെയെന്ന് കണ്ടെത്തുന്നതിന്.
4. മുതലാളിത്തത്തിന്റെ വളർച്ച തൊഴിലാളി പ്രസ്ഥാനത്തിന്റെ ഉൽഭവത്തിന് കാരണമായതെങ്ങനെയെന്ന് കണ്ടെത്തുന്നതിന്.
5. ഉൽപ്പാദനവർദ്ധനവിലൂടെ വ്യാവസായികരംഗത്തുണ്ടായ വളർച്ച മൂലധനക്കയറ്റുമതിക്ക് ഇടയാക്കിയതും അതുവഴി മുതലാളിത്തത്തിന്റെ ഘടനമാറിയതും തിരിച്ചറിയുന്നതിന്.
6. സാമ്രാജ്യത്വശക്തികൾ ആഫ്രിക്കൻ വൻകരയെ വീതംവെച്ചതിനെക്കുറിച്ചും അടിമവ്യാപാരത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന്.
7. സാമ്രാജ്യത്വം ശക്തിപ്രാപിച്ചത് ദേശരാഷ്ട്രങ്ങളുടെ അധികാരത്തെ പരിമിതപ്പെടുത്തിയത് എങ്ങനെയെന്നും അത് അക്രാമകദേശീയതക്കും പ്രതിരോധദേശീയതക്കും വഴിയൊരുക്കിയതെങ്ങനെയെന്നും മനസ്സിലാക്കുന്നതിന്.
8. കൊളോണിയൽ അധിനിവേശത്തിന് സഹായകമായ ഏഷ്യൻ - ആഫ്രിക്കൻ പരിതസ്ഥിതികൾ മനസ്സിലാക്കുന്നതിന്.
9. സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള മൽസരങ്ങൾ യൂറോപ്പ്യൻ രാജ്യങ്ങൾക്കിടയിൽ ചേരിതിരിവ് ഉണ്ടാക്കിയതെങ്ങനെയെന്ന് മനസ്സിലാക്കുന്നതിന്.
10. സാമ്രാജ്യത്വ അധിനിവേശത്തിനെതിരെ ചൈന, ജപ്പാൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലുണ്ടായ ചെറുത്തുനിൽപ്പുകളെക്കുറിച്ച് ധാരണ നേടുന്നതിന്.

| **പ്രമേയം** | **ആശയങ്ങൾ/ ധാരണകൾ** |
|---|---|
| സാമ്രാജ്യത്വത്തിന്റെ വളർച്ച | • കൊളോണിയൽ അധിനിവേശം മൽസരങ്ങൾ - വ്യാപാരമുതലാളിത്തം-ഏഷ്യയിലെ അനുഭവങ്ങൾ-അമേരിക്കൻ സ്വാതന്ത്ര്യസമരം-ദക്ഷിണ<br>അമേരിക്കൻ സമരങ്ങൾ.<br>• തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയും മുതലാളിത്ത പ്രതിസന്ധിയും.<br>• വ്യവസായിക ഉൽപ്പാദനം കോളനിയിലേക്ക്-മൂലധനക്കയറ്റുമതി- അടിമക്കച്ചവടം<br>• കോളനികളിലെഅവസ്ഥ - അധിനിവേശത്തിന് അനുകൂലമായ സാമ്പത്തിക രാഷ്ട്രീയ സ്ഥിതികൾ<br>• സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയഘടന<br>• ബാൽക്കൻപ്രശ്നങ്ങൾ<br>• ആഫ്രിക്കയുടെ പങ്കുവെക്കൽ. |

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
| --- | --- |
| | • ദേശരാഷ്ട്രങ്ങളും ദേശീയതയും-ആക്രാമകദേശീയത-പ്രതിരോധദേശീയത-സാമ്രാജ്യത്വശക്തികളുടെ മൽസരങ്ങൾ-യൂറോപ്യൻ രാജ്യങ്ങളുടെ ചേരിതിരിവ്.<br>• അധിനിവേശത്തിനെതിരെ ചൈന,ജപ്പാൻ, ഇന്ത്യ. |

**അധ്യായം 4 :** ലോകയുദ്ധവും തുടർച്ചയും

## പഠനലക്ഷ്യങ്ങൾ

1. സാമ്രാജ്യത്വം ലോകയുദ്ധത്തിന് കാരണമായതെങ്ങനെയെന്നും യുദ്ധങ്ങളുടെ സ്വഭാവത്തിൽ ഒന്നാം ലോകമഹായുദ്ധം വരുത്തിയ മാറ്റങ്ങളെന്തെന്നും യുദ്ധാനന്തരലോകാവസ്ഥയെന്തെന്നും അറിയുന്നതിന്.
2. റഷ്യൻവിപ്ലവം സോവിയറ്റ് യൂണിയൻ എന്ന സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ ആവിർഭാവത്തിനിടയാക്കിയതെങ്ങനെയെന്നും അത് ലോകത്തിന്റെ വിവിധ മേഖലകളിലുണ്ടാക്കിയ സ്വാധീനമെന്തെന്നും അറിയുന്നതിന്.
3. വംശീയതയെ അടിസ്ഥാനമാക്കി രൂപപ്പെട്ട പാൻസ്ലാവിസം പോലുള്ള പ്രസ്ഥാനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്.
4. അധിനിവേശത്തിലെ വൈരുദ്ധ്യങ്ങളെക്കുറിച്ചും അധിനിവേശത്തിനെതിരെ നടന്ന വ്യത്യസ്ത സമരരൂപങ്ങളെക്കുറിച്ച് പൊതുവായും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ചു വിശേഷിച്ചും ധാരണ നേടുന്നതിന്.
5. ഇറ്റലി, ജർമ്മനി എന്നിവിടങ്ങളിൽ വളർന്നുവന്ന ഫാഷിസം, നാസിസം എന്നിവയും അവയുടെ സ്വഭാവവും വിശകലനം ചെയ്യുന്നതിന്.
6. ഫാഷിസ്റ്റ് ആശയങ്ങൾ സ്പെയിൻപോലുള്ള രാജ്യങ്ങളിലുണ്ടാക്കിയ ആഭ്യന്തര പ്രശ്നങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
7. സാമ്പത്തിക മാന്ദ്യം ലോകരാജ്യങ്ങളിലുണ്ടാക്കിയ പ്രതിസന്ധിയെക്കുറിച്ച് വിലയിരുത്തുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
| --- | --- |
| ലോകയുദ്ധവും തുടർച്ചയും | • ഒന്നാംലോകയുദ്ധം-യൂറോപ്യൻ രാഷ്ട്രീയത്തിലെ പ്രതിസന്ധികൾ-യുദ്ധത്തിന്റെ സാങ്കേതികവിദ്യയും സ്വഭാവവും- യുദ്ധത്തിന്റെ ഭൂമികൾ-പാരീസ് ഉടമ്പടികൾ-കിഴക്കൻ യൂറോപ്പിലെ പുതിയ രാഷ്ട്രങ്ങളുടെ ഉദയം-<br>• റഷ്യൻവിപ്ലവം-സോവിയറ്റ് യൂണിയന്റെ ആവിർഭാവം-<br>• അമേരിക്ക ലോകരാഷ്ട്രീയത്തിൽ |



https://www.freshersnow.com/category/govt-boards/board-syllabus/

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| | • സാമ്രാജ്യത്വ വിരുദ്ധസമരങ്ങൾ, അധിനിവേശത്തിലെ വൈരുദ്ധ്യങ്ങൾ-കോളനി വിരുദ്ധ സമരത്തിന്റെ വ്യത്യസ്ത രൂപങ്ങൾ-ഇന്ത്യൻ സ്വാതന്ത്ര്യസമരം-<br>• ഫാഷിസം ഇറ്റലിയിൽ-നാസിസം ജർമ്മനിയിൽ -ജപ്പാൻ ഏകാധിപത്യം - ഫാഷിസ്റ്റ്‌രീതി ശാസ്ത്രം-<br>• സ്പാനിഷ് ആഭ്യന്തരയുദ്ധം -<br>• സാമ്പത്തിക മാന്ദ്യം |

**അധ്യായം 5** : രണ്ടാം ലോകയുദ്ധവും തുടർച്ചയും

## പഠനലക്ഷ്യങ്ങൾ

1. രണ്ടാം ലോകയുദ്ധത്തെക്കുറിച്ച് പഠിക്കുന്നതിനും അത് മുൻകാലയുദ്ധങ്ങളിൽ നിന്നും തന്ത്രപരമായും സാങ്കേതികമായും എങ്ങനെയല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തുന്നതിന്.
2. രണ്ടാംലോകയുദ്ധത്തെത്തുടർന്നുണ്ടായ ലോകസാഹചര്യങ്ങളെ വിലയിരുത്തുന്നതിന്.
3. ലോകരാഷ്ട്രങ്ങൾ ചേരിതിരിഞ്ഞ് ശീതസമരത്തിൽ ഏർപ്പെട്ടത് മനസ്സിലാക്കുന്നതിന്.
4. യുദ്ധാനന്തര ലോകത്തെ പുത്തൻ സാമ്പത്തികക്രമത്തെയും അന്താരാഷ്ട്രസംഘടനകളെക്കുറിച്ചും ധാരണനേടുന്നതിന്.
5. യുദ്ധാനന്തരകാലത്ത് ചൈനയിലുണ്ടായ ജനകീയ മുന്നേറ്റങ്ങളെക്കുറിച്ചും ഇക്കാലത്ത് സോഷ്യലിസ്റ്റ് ആശയങ്ങൾക്കുണ്ടായ സ്വീകാര്യതയെക്കുറിച്ചും മനസ്സിലാക്കുന്നതിന്.
6. നവസാമ്രാജ്യത്വത്തിന്റെയും പിൽക്കാലമുതലാളിത്തത്തിന്റെയും വരവും സോവിയറ്റ് യൂണിയന്റെ തകർച്ചയും വിശകലനം ചെയ്യുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| രണ്ടാംലോകയുദ്ധവും<br>സാമ്രാജത്വത്തിന്റെ തകർച്ചയും. | • രണ്ടാംലോകയുദ്ധം-രണ്ടുലോകമഹായുദ്ധങ്ങൾ തമ്മിലുള്ള തന്ത്രപരവും സാങ്കേതികവുമായ വ്യത്യാസങ്ങൾ-യുദ്ധത്തിന്റെ ഭൂമികളും ഗതിവിഗതികളും<br>• ആഫ്രോ-ഏഷ്യൻ പുനരുത്ഥാനം-കോളനികളിലെ വിമോചനപ്രസ്ഥാനങ്ങൾ-<br>• ചൈനീസ് വിപ്ലവം<br>• സോഷ്യലിസ്റ്റ് വ്യാപനം-ശീതയുദ്ധം<br>• ഐക്യരാഷ്ട്രസംഘടനയും ലോകസമാധാനവും<br>• നവസാമ്രാജ്യത്വം-പിൽക്കാലമുതലാളിത്തം<br>• സോവിയറ്റ് യൂണിയന്റെ തകർച്ച. |

**അധ്യായം 6 :** ധൈഷണിക പ്രവർത്തനങ്ങൾ

## പഠനലക്ഷ്യങ്ങൾ

1. ജ്ഞാനോദയത്തോടുള്ള പ്രതികരണത്തിന്റെ ഭാഗമായി സാഹിത്യത്തിലും തത്ത്വചിന്തയിലും ശാസ്ത്രത്തിലും ഉണ്ടായ പുത്തനുണർവ് - കാൽപനികത - വിശകലനം ചെയ്യുന്നതിന്.
2. സാഹിത്യവിമർശം, തത്ത്വചിന്ത എന്നിവയിലെ പുതിയ പ്രവണതകൾ മനസ്സിലാക്കുന്നതിന്.
3. ആധുനികലോകത്ത് ദൃശ്യ-ശ്രവ്യമാധ്യമങ്ങളും വിവരസാങ്കേതിക വിദ്യയും ചെലുത്തുന്ന സ്വാധീനം തിരിച്ചറിയുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| ധൈഷണിക പ്രവർത്തനങ്ങൾ | • ജ്ഞാനോദയത്തോടുള്ള പ്രതികരണം- കാല്പനികത തത്വചിന്തയിലും സാഹിത്യത്തിലും- ജർമ്മൻ ആശയവാദം-ഹെഗൽ-പോസിറ്റീവിസം-കാൾമാർക്സ്.<br>• ഡാർവിന്റെ പരിണാമസിദ്ധാന്തം<br>• 20-ാം നൂറ്റാണ്ടിലെ പുത്തൻശാസ്ത്രചിന്തകൾ -ആപേക്ഷികത-ക്വാണ്ടംതിയറി<br>• സാഹിത്യവിമർശനത്തിലും തത്വചിന്തയിലും വന്ന പുതിയ പ്രവണതകൾ<br>• ദൃശ്യ, ശ്രാവ്യകലകളും മാധ്യമങ്ങളും-വിവരവിനിമയ സാങ്കേതികവിദ്യ |

**അധ്യായം 7 :** ഇന്നത്തെ ഇന്ത്യ

## പഠനലക്ഷ്യങ്ങൾ

1. സ്വാതന്ത്ര്യലബ്ധിയോടൊപ്പമുണ്ടായ വിഭജനത്തെയും അനന്തരസംഭവങ്ങളെയും കുറിച്ച് ധാരണ നേടുന്നതിന്.
2. ജനാധിപത്യഭരണത്തിന്റെ തുടക്കം, സാമ്പത്തിക ആസൂത്രണത്തിലധിഷ്ഠിതമായ വികസനസമീപനം, കാർഷിക - വ്യവസായിക രംഗങ്ങളിലുണ്ടായ മാറ്റങ്ങൾ എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുന്നതിന്.
3. സംസ്ഥാന പുനഃസംഘാടനം ആവശ്യമാക്കിയ സാഹചര്യങ്ങളെക്കുറിച്ചും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ നിലവിൽ വന്നതിനെക്കുറിച്ചും ധാരണ നേടുന്നതിന്.
4. ഇന്ത്യൻ വിദേശനയത്തിന്റെ സവിശേഷതകളെക്കുറിച്ചും അയൽ രാജ്യങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചും വിലയിരുത്തുന്നതിന്.
5. ഇന്ത്യൻ ജനാധിപത്യത്തിന്റെ വഴിത്തിരുവുകളെയും നയസമീപനങ്ങളിൽ വന്ന വ്യതിയാനങ്ങളെയും വിശകലനം ചെയ്യുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
| --- | --- |
| ഇന്നത്തെ ഇന്ത്യ | • സ്വാതന്ത്ര്യവും വിഭജനവും<br>• നാട്ടുരാജ്യസംയോജനം<br>• ഇന്ത്യ റിപ്പബ്ലിക്കാവുന്നു - ഭരണഘടന<br>• ജനാധിപത്യഭാരതം - നെഹ്റുവിന്റെ കീഴിൽ - സംസ്ഥാന പുനഃസംഘടന - ആസൂത്രണം - പഞ്ചവൽസര പദ്ധതികൾ - മിശ്രസമ്പദ് വ്യവസ്ഥ - കാർഷിക വ്യാവസായിക രംഗങ്ങളിലെ പുരോഗതി<br>• ശാസ്ത്രസാങ്കേതിക രംഗം<br>• വിദ്യാഭ്യാസവ്യാപനം<br>• വിദേശയനം - ചീനാ - പാക് യുദ്ധങ്ങൾ<br>• ഇന്ത്യൻ ജനാധിപത്യത്തിലെ വഴിത്തിരിവുകൾ<br>• നയവ്യതിയാനങ്ങൾ |

**അധ്യായം 8 :** കേരളപ്പുതുമ

## പഠനലക്ഷ്യങ്ങൾ

1. കോളനിവാഴ്ചക്കാലത്തെ കേരളത്തെക്കുറിച്ചും ആദ്യകാല കോളനി വിരുദ്ധ സമരങ്ങളെക്കുറിച്ചും അറിവ് നേടുന്നതിന്.
2. ബ്രിട്ടീഷുകാർക്കും അവരെ പിന്തുണച്ച ജാതി, ജന്മി വിഭാഗക്കാർക്കും എതിരെ രൂപപ്പെട്ട കോളനിവിരുദ്ധ പ്രസ്ഥാനങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
3. കേരളത്തിലെ നവോത്ഥാനനായകരെക്കുറിച്ചും ജന്മി-വിരുദ്ധ സമരങ്ങളെക്കുറിച്ചും ധാരണ നേടുന്നതിന്.
4. മുതലാളിത്തത്തിന്റെ വരവോടെ കേരളത്തിലെ കാർഷിക-വ്യാവസായിക മേഖലയിലുണ്ടായ മാറ്റങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപപ്പെട്ട സാഹചര്യങ്ങളും മനസ്സിലാക്കുന്നതിന്.
5. ആധുനികകാലത്ത് കേരളത്തിൽ നടന്ന വിവിധ ധൈഷണിക പ്രവർത്തനങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
6. സ്വാതന്ത്ര്യത്തിനുശേഷമുണ്ടായ തിരു-കൊച്ചി സംയോജനം, കേരളസംസ്ഥാനരൂപീകരണം, എന്നിവയിലേക്കു നയിച്ച സംഭവങ്ങൾ വിശകലനം ചെയ്യുന്നതിന്.
7. 1957-ലെ തെരഞ്ഞെടുപ്പും ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, കൃഷി തുടങ്ങിയ മേഖലകളിലുണ്ടായ മാറ്റങ്ങളും വിലയിരുത്തുന്നതിന്.
8. അധികാരവികേന്ദ്രീകരണത്തിൽ കേരളം മുന്നോട്ടു വെച്ച മാതൃകകളെ വിശകലനം ചെയ്യുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| ആധുനിക കേരളം | • കേരളം കോളനിഭരണത്തിൻ കീഴിൽ-ബ്രിട്ടീഷ് മലബാർ-തിരുവിതാംകൂർ-കൊച്ചി.<br>• അധിനിവേശത്തിന്റെ സാമൂഹ്യമാനങ്ങൾ<br>• ആദ്യകാല കോളനിവിരുദ്ധസമരങ്ങൾ<br>• ബ്രിട്ടീഷ്-ജാതി-ജന്മി ഐക്യം<br>• കൊളോണിയൽ - മിഷനറി ആരോഗ്യ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ<br>• കോളനിവിരുദ്ധപ്രസ്ഥാനങ്ങൾ<br>• നവോത്ഥാനനായകൻമാർ-ജന്മിത്തവിരുദ്ധ സമരങ്ങൾ- പണ്ടാരപ്പാട്ട വിളംബരം - മുതലാളിത്തത്തിന്റെ വരവ്-നാണ്യവിളകൾ-പുത്തൻ വ്യവസായങ്ങൾ-<br>• കർഷക-തൊഴിലാളി പ്രസ്ഥാനങ്ങൾ<br>• ധൈഷണികപ്രവർത്തനങ്ങൾ - മതം - തത്ത്വചിന്ത - സാഹിത്യം - കല.<br>• സ്വാതന്ത്ര്യസമരം-ഐക്യകേരള പ്രസ്ഥാനം-ഇന്നത്തെ കേരളം-1957-ലെ മന്ത്രിസഭ-വിദ്യാഭ്യാസനിയമം-ഭൂപരിഷ്ക്കരണപ്രസ്ഥാനം.<br>• ആരോഗ്യരക്ഷ-പൊതുവിതരണസമ്പ്രദായം-അധികാരവികേന്ദ്രീകരണം. |

| **അധ്യായം 9** : ദേശം, ദേശീയത, ദേശീയോദ്ഗ്രഥനം (സോഷ്യോളജി) | **സമയം** : | **മണിക്കൂർ** |
|---|---|---|

## പഠനലക്ഷ്യങ്ങൾ

- ദേശം (Nation) എന്ന സാമൂഹ്യമാത്രയെക്കുറിച്ച് അറിയുന്നതിന്
- ദേശീയത എന്ന ആശയം അറിയുന്നതിന്
- ദേശീയത രൂപപ്പെടുന്നതിന് സഹായകമായ വസ്തുതകൾ തിരിച്ചറിയുന്നതിന്
- ദേശീയോദ്ഗ്രഥനം എന്ന ആശയം അറിയുന്നതിന്
- ദേശീയോദ്ഗ്രഥനത്തിനുള്ള തടസ്സങ്ങൾ തിരിച്ചറിയുന്നതിന്


| **അധ്യായം 9** : ദേശം, ദേശീയത, ദേശീയോദ്ഗ്രഥനം (സോഷ്യോളജി) | **സമയം** : | **മണിക്കൂർ** |
|---|---|---|


| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| • ദേശം, ദേശീയത, ദേശീയോദ്ഗ്രഥനം | ദേശീയത എന്നത് ഏറ്റവും വലിയ ഒരു കൂട്ടായ തിരിച്ചറിയലാണ്.<br>രാജ്യത്തിന്റെ ഐക്യം ശക്തിപ്പെടുത്തുന്ന ശക്തി<br>രാഷ്ട്രമാണ് മറ്റ് ഏതിനെക്കാലും വലുത് എന്ന വിശ്വാസം.<br>ഇത് മനുഷ്യരുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നു.<br>ദേശീയത എന്നത് ജാതി, മതം, ഭാഷ, പ്രാദേശിയത എന്നിവയിൽ നിന്നും വ്യത്യസ്തമാണ്.<br>ദേശീയപതാക, ദേശീയഗാനം മുതലായ ദേശീയ ചിഹ്നങ്ങൾ ദേശീയതയെ വെളിവാക്കുന്നു.<br>ദേശീയത പുത്തൻ തലമുറകളിൽ രൂപപ്പെടേണ്ടതുണ്ട്.<br>അതിരുകടന്ന ദേശീയത ആപത്താണ്. |
| • ഇന്ത്യൻ ദേശീയത | ഇന്ത്യൻ ദേശീയത മറ്റ് ദേശീയതകളിൽ നിന്നും വിഭിന്നമാണ്.<br>ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിൽ പലകാര്യങ്ങൾക്കും പങ്കുണ്ട്.<br>ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ അതിന്റെ സംസ്കാരത്തെ സ്വാധീനിക്കുന്നു.<br>ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ അതിന്റെ സാംസ്കാരിക തനിമ സംരക്ഷിക്കാൻ ശ്രമിക്കുന്നു.<br>ഇന്ത്യയെ ഒരു രാഷ്ട്രീയ യൂണിറ്റായി നിലനിർത്തുന്നതിൽ ബ്രിട്ടീഷ് ഗവൺമന്റിന്റെ പങ്ക്.<br>ദേശീയത ഇന്ത്യൻ ജനഹൃദയങ്ങളിൽ ഉറപ്പിക്കുന്നതിന് സ്വാതന്ത്ര്യസമരം വഹിച്ച പങ്ക്. |

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| • ദേശീയോദ്ഗ്രഥനം | ഇത് രാജ്യത്തെ ഏകീകരിക്കുന്ന ശക്തിയാണ്.<br>ദേശീയോദ്ഗ്രഥനം ഒരു തുടർപ്രക്രിയയാണ്.<br>ദേശീയോദ്ഗ്രഥനത്തിന് പല ശക്തികൾ ഒരുമിച്ച് പ്രവൃത്തിക്കേണ്ടതുണ്ട്.<br>ദേശീയോത്ഗ്രഥനത്തിനുള്ള ഭീക്ഷണികൾ<br>വർഗ്ഗീയത |
| • ജാതീയതയും ജാതിയുടെ പേരിലുള്ള വിവേചനവും | തൊട്ടുകൂടായ്മയും അനുബന്ധപ്രശ്നങ്ങളും<br>പ്രാദേശികത<br>തീവ്രവാദം |
| • ഭാഷാപ്രശ്നം | മാതൃഭാഷയുടെ പങ്ക്<br>വിദേശഭാഷകൾ പഠിക്കുന്നതിന്റെ പ്രാധാന്യം<br>എങ്ങനെ പുതിയ ഒരു ഇന്ത്യ കെട്ടിപ്പെടുക്കാം. |

| അധ്യായം 10 : ജനാധിപത്യം | സമയം : മണിക്കൂർ |
|---|---|

## പഠനലക്ഷ്യങ്ങൾ

- ജനാധിപത്യ വ്യവസ്ഥയുടെ പ്രാധാന്യം ബോധ്യപ്പെടുന്നതിന്.
- ജനാധിപത്യത്തിൽ തന്റെ സ്ഥാനം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന്.
- ജീവിതക്രമവും ഭരണക്രമവും എന്ന നിലയിൽ ജനാധിപത്യത്തിന്റെ വളർച്ചയും വ്യാപനവും ബോധ്യപ്പെടുന്നതിന്.
- ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാൻ കരുത്തേകുന്നതിന്.
- ജനാധിപത്യത്തിന്റെ വൈവിദ്ധ്യങ്ങളെയും വിവിധ ജനാധിപത്യ വ്യവസ്ഥകളെയും വിശകലനം ചെയ്യാനും തിരിച്ചറിയാനും.
- ജനാധിപത്യത്തിൽ പൗരന്റെയും സമൂഹത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതും പരിപാലിക്കുന്നതും എങ്ങനെയെന്ന് ബോധ്യപ്പെടുന്നതിന്.
- ഇന്ത്യയിലെയും മറ്റ് രാജ്യങ്ങളിലെയും ജനാധിപത്യ രീതികളെ താരതമ്യം ചെയ്ത് ഉൾക്കൊള്ളുന്നതിന്.
- ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയുന്നതിന്.

| അധ്യായം 10 : ജനാധിപത്യം | സമയം : മണിക്കൂർ |
|---|---|

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| ജനാധിപത്യം | • നിലവിലുള്ള ഭരണക്രമങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തമുള്ളതും ജനഹിതം പരിഗണിക്കുകയും ചെയ്യുന്ന ഭരണ രീതി.<br>• എന്താണ് ജനാധിപത്യം - നിർവ്വചനം<br>• ജനാധിപത്യ സംവിധാനം മത്സരാധിഷ്ടിതവും (competitive) സഹകരണാത്മകവും (Accomodative), സംവാദാധിഷ്ഠിതം കൂടിയാലോചനകളുള്ളതും എല്ലാവരെയും ഉൾക്കൊള്ളാനുതകുന്നതും (inclusive) ആണ്.<br>• ജനാധിപത്യത്തിന് ചില മൂല്യങ്ങളുണ്ട്.<br>- സ്വാതന്ത്ര്യം<br>- സമത്വം<br>- സാഹോദര്യം (Freternity)<br>- പൊതുവായ പങ്കുവെക്കൽ (Common sharing) |

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
| --- | --- |
| | • ജനാധിപത്യം ഒരു ജീവിതരീതിയാണ്.<br>• ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിന് പരമപ്രാധാന്യമുണ്ട്.<br>• പ്രാതിനിധ്യ ജനാധിപത്യം.<br>• സുതാര്യം<br>• സ്വാതന്ത്ര്യം<br>• ജനപിന്തുണയുള്ളത്<br>• അഭിപ്രായ വ്യത്യാസങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരം<br>• Features of Democracy (Positive and Negative points of Democracy)<br>• ജനാധിപത്യ സംവിധാനത്തിന് ചില സവിശേഷതകളുണ്ട്.<br>• ജനാധിപത്യത്തിൽ വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും താല്പര്യങ്ങൾ പരിഗണിക്കുന്നു.<br>• ജനാധിപത്യത്തിന്റെ വിവിധ രൂപങ്ങൾ<br>• പ്രത്യക്ഷ ജനാധിപത്യവും (direct democracy പ്രാതിനിധ്യ ജനാധിപത്യവും (indirect democracy) (Representative democracy)<br>• തിരിച്ച് വിളിക്കൽ, ഹിതപരിശോധന, അദിക്രമം (Recall, Referendum initiative)<br>• പ്രായപൂർത്തി വോട്ടവകാശം.<br>• വ്യത്യസ്ഥതലത്തിൽ (ദേശീയം, സംസ്ഥാനം, പ്രാദേശികം) നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കാൻ പൗരന് അവസരമുണ്ടായിരിക്കും.<br>• സ്വാതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ പ്രത്യേകതയാണ്.<br>• ഇന്ത്യയിലെ ഇലക്ഷൻ കമ്മീഷന്റെ ഘടനയും പ്രവർത്തനവും<br>• ജനാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ട സാഹചര്യങ്ങൾ<br>(Pre-requisite conditions for successful democracy)<br>• മറ്റ് ഭരണ വ്യവസ്ഥകളെ അപേക്ഷിച്ച് ജനാധിപത്യത്തിൽ പല നേട്ടങ്ങളുമുണ്ട്. (Merits of Democracy)<br>പരസ്പര സഹകരണം - സമ്പത്തിന്റെ തുല്യവിനിയോഗം - സ്ത്രീകൾക്കും കുട്ടികൾക്കും പാർശ്വവൽക്കൃത സമൂഹത്തിനും വേണ്ട ശാക്തീകരണം - പൗരന് നിയമപരിരക്ഷ |

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| | • ജനാധിപത്യ വ്യവസ്ഥയിലെ ചില പോരായ്മ കളും ചൂണ്ടിക്കാണിക്കുന്നു.<br>ഉപജാപകസംഘം (click and groups)<br>- വിഭാഗീയത<br>- മാദ്ധ്യമവാഴ്ച<br>- ജനകീയതാവാദം |

## പഠനലക്ഷ്യങ്ങൾ

- അവകാശങ്ങൾ എന്തൊക്കെയാണെന്ന് ബോധ്യപ്പെട്ട് പ്രവർത്തിക്കുന്നതിന്
- മനുഷ്യാവകാശങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
- ലോകത്ത് നടക്കുന്ന മനുഷ്യാവകാശലംഘനങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന്.
- തന്റെ ചുറ്റുപാടും നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ തിരിച്ചറിയുന്നതിന്.
- അന്തർദേശീയതലത്തിലും ദേശീയ-പ്രദേശിക തലങ്ങളിലും പ്രവർത്തിക്കുന്ന മനുഷ്യാവകാശ പ്രസ്ഥാനങ്ങളും അവരുടെ ഇടപെടലുകളെയും കുറിച്ച് ധാരണ നേടുന്നതിന്.

**അധ്യായം 11 :** മനുഷ്യാവകാശങ്ങൾ (രാഷ്ട്രതന്ത്രം) **സമയം :** **മണിക്കൂർ**

| **പ്രമേയം** | **ആശയങ്ങൾ/ ധാരണകൾ** |
|---|---|
| മനുഷ്യാവകാശങ്ങൾ | • അവകാശങ്ങൾ - പൗരന് സ്വന്തം വ്യക്തിത്വം പ്രകടമാക്കുന്നതിനുള്ള അവസരങ്ങളാണ്. അവകാശങ്ങൾ സംരക്ഷിക്കേണ്ട ചുമതല രാഷ്ട്രത്തിനാണ്.<br>• എന്താണ് മനുഷ്യാവകാശങ്ങൾ<br>• മനുഷ്യാവകാശങ്ങളുടെ രൂപം കൊള്ളൽ.<br>• ബിൽ ഓഫ് റൈറ്റ്<br>- ഫ്രഞ്ച് വിപ്ലവം - അമേരിക്കൻ സ്വാതന്ത്ര്യസമരം<br>- സ്വാതന്ത്ര്യ സമരം ഇന്ത്യ - യുറോപ്പ്യൻ<br>- കൺവെൻഷൻ - ബിൽ ഓഫ് റൈറ്റ് (യു.എസ്.എ (യുണിവേഴ്സൽ ഡിക്ലറേഷൻ ഓഫ് ഹ്യൂമൺ റൈറ്റ്സ്<br>• മനുഷ്യാവകാശങ്ങളും മൗലികാവകാശങ്ങളും തമ്മിൽ വ്യത്യാസങ്ങളുണ്ട്.<br>• എല്ലാ മൗലികാവകാശങ്ങളും മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ എല്ലാ മനുഷ്യാവകാശങ്ങളും മൗലികാവകാശങ്ങളല്ല.<br>സാമൂഹിക - സാമ്പത്തിക അവകാശങ്ങൾ<br>• ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ പ്രഖ്യാപനം - 1948 ഡിസംബർ 10<br>- സിവിൽ രാഷ്ട്രീയവകാശങ്ങൾ (Civil and political rights)<br>- സാമൂഹിക സാമ്പത്തികവകാശങ്ങൾ (Social and Economic rights) |

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| സ്വാതന്ത്ര്യസഞ്ചാരം, ആരോഗ്യസംരക്ഷണം, സാമൂഹ്യസുരക്ഷ | • ചില പ്രധാന മനുഷ്യാവകാശലംഘനങ്ങളും അവയിൽ യു.എൻ. ഇടപെടലുകളും - വിവിധ തലങ്ങളിൽ<br>• മനുഷ്യാവകാശങ്ങളുടെ വിവിധ മാനങ്ങൾ (different dimensions of HR) - Free movement - Protected Health.<br>- സ്വാതന്ത്ര്യത്തിനുള്ള അവകാശം<br>- ആരോഗ്യസംരക്ഷണം<br>- സാമൂഹ്യ സുരക്ഷ<br>- ശുദ്ധവായു, ശുദ്ധജലം<br>- വിശ്വാസം നിലനിർത്താനുള്ള അവകാശം<br>- പ്രക്ഷോഭം നടത്താനുള്ള അവകാശം<br>- സ്ത്രീകളുടെയും കുട്ടികളുടെയും അവകാശം<br>- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും വിനിയോഗവും<br>- Consumer Protection (ഉപഭോക്തൃ സംരക്ഷണം)<br>• മനുഷ്യാവകാശങ്ങൾ വിവിധ രാജ്യങ്ങളിൽ<br>• ഇന്ത്യയിൽ ദേശീയ തലത്തിലും സംസ്ഥാനതലത്തിലും മനുഷ്യാവകാശ കമ്മീഷനുകൾ പ്രവർത്തിക്കുന്നു.<br>• മനുഷ്യാവകാശങ്ങൾ സംബന്ധിച്ച സുപ്രീംകോടതി വിധികൾ.<br>• ഇന്ത്യയിലെ മനുഷ്യാവകാശലംഘനം ചില കേസുകൾ<br>• പ്രദേശികമായുള്ള ചില പ്രശ്നങ്ങൾ കണ്ടെത്തൽ<br>• നീതിന്യായ വ്യവസ്ഥയും മനുഷ്യാവകാശങ്ങളും<br>• നിയമനിർമ്മാണ സഭകളുടെ ഇടപെടൽ<br>• അന്തർദേശീയ ഇടപെടൽ<br>• മനുഷ്യാവകാശങ്ങൾ - ഇന്നത്തെ അവസ്ഥ.<br>• കുടിയിറക്കപ്പെടുന്നവരും മനുഷ്യാവകാശങ്ങളും (displaced people and HR) പ്രശ്നങ്ങളും<br>• നിർദ്ദേശക തത്വങ്ങളും മനുഷ്യാവകാശങ്ങളും.<br>- തുല്യജോലിക്ക് തുല്യവേതനം<br>- ഗ്രാമീണ കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.<br>- പഞ്ചായത്ത് രാജ് സംവിധാനം<br>• അന്തർദേശീയ മനുഷ്യാവകാശസംഘടനകൾ<br>• സമ്പന്നരാജ്യങ്ങളിലും അവികസിത രാഷ്ട്രങ്ങളിലും മനുഷ്യാവകാശ ലംഘനമുണ്ട്. എന്നാൽ വ്യത്യസ്ഥ തരത്തിലാണ്. |

| അധ്യായം 12 : അന്താരാഷ്ട്ര സംഘടനകൾ | സമയം : മണിക്കൂർ |
|---|---|

## പഠനലക്ഷ്യങ്ങൾ

- ലോക സമാധാനത്തിനും സഹവർത്തിത്വത്തിനുമായി രൂപം കൊണ്ട സംഘടനകളും അവയുടെ പ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിന്.
- ഐക്യരാഷ്ട്ര സഭയുടെ ഘടന, ഏജൻസികൾ, പ്രവർത്തനങ്ങൾ എന്നിവയെകുറിച്ച് ധാരണ നേടുന്നതിന്.
- അന്താരാഷ്ട്രതലത്തിൽ പ്രാധാന്യമുള്ള വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള സമ്മേളനങ്ങളും അവയുടെ പ്രാധാന്യവും തിരിച്ചറിയുന്നതിന്.
- പരിസ്ഥിതി പ്രശ്നങ്ങളുടെ രാഷ്ട്രീയ മാനങ്ങളും പരിഹാരശ്രമങ്ങളും ബോധ്യപ്പെടുന്നതിന്.

| അധ്യായം 12 : അന്താരാഷ്ട്ര സംഘടനകൾ | സമയം : മണിക്കൂർ |
|---|---|

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| അന്താരാഷ്ട്ര സംഘടനകൾ | • സർവ്വരാഷ്ട്ര സംഖ്യം (League of Nations) രൂപം കൊണ്ട സാഹചര്യം - ഘടന-പരാജയപ്പെടാനിടയായ സാഹചര്യം.<br>• ലോകരാജ്യങ്ങളിലെ സംഘടന എന്ന സങ്കല്പത്തിന് തുടക്കം - വിയന്ന കോൺഗ്രസ്സ്.<br>• ഐക്യരാഷ്ട്രസഭയുടെ രൂപീകരണം.<br>• ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യങ്ങൾ<br>• ഐക്യരാഷ്ട്രസഭയുടെ ഘടന.<br>• ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികൾ ILO, WHO, UNESCO, UNISEF, IMF,world Bank.<br>• ലോക സമാധാനത്തിനും സഹവർത്തിത്വത്തിനുമായി ഐക്യരാഷ്ട്ര സഭ നടത്തിയ സമീപകാല ഉദ്യമങ്ങൾ.<br>• മാറിവരുന്ന ലോകക്രമവും ചേരിചേരാ പ്രസ്ഥാനവും (NAM in changing world order)<br>• ചേരിചേരാ പ്രസ്ഥാനം - രൂപീകരണം<br>- ലക്ഷ്യങ്ങൾ<br>- സാമ്രാജ്യത്വ അധിനിവേശം (Colonial impositions)<br>- സാംസ്കാരികാധിനിവേശം (Cultural domination)<br>- വംശീയ വിവേചനം (Racial discrimination)<br>• NAM പ്രവർത്തനങ്ങൾ<br>• International Inter- Governmental Organisation (IIGO) |

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| | - രാഷ്ട്രാന്തര സഖ്യങ്ങൾ<br>- സാമ്പത്തിക താൽപര്യം<br>- പ്രാദേശിക താൽപര്യം<br>- WTO, GATT, ദോഹ റൗണ്ട്, ഉറുഗ്വേ റൗണ്ട്<br>- യൂറോപ്യൻ യൂണിയൻ<br>- അറബ് ലീഗ്<br>- OPEC<br>- സാർക്<br>- ആസിയാൻ<br>- NAFTA<br>- OAU (Organisation of African Unity)<br>- OAS (Oranisation of American States)<br>• അന്താരാഷ്ട്ര പ്രാധാന്യമുള്ള വിവിധ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ലോകരാജ്യങ്ങളിലെ പ്രതിനിധികൾ സമ്മേളിക്കുന്നു.<br>- ഭൗമഉച്ചകോടി<br>- ക്യോട്ടോ പ്രോട്ടോക്കോൾ<br>- കോപ്പൻ ഹേഗൻ<br>- Inter Governmental Panal on Climatic change (IPCC)<br>- ജോഹന്നസ് ബർഗ് (Water Conserva tion)<br>• പരിസ്ഥിതി പ്രശ്നങ്ങൾ ആഗോള രാഷ്ട്രീയ പ്രശ്നങ്ങളായി മാറിയിരിക്കുന്നു.<br>E - Waste , Nuclear waste, Noxious waste- Effluance etc.<br>• മൂന്നാം ലോക രാഷ്ട്രങ്ങളുടെ പരിസ്ഥിതി പ്രശ്നങ്ങളിൽ സമാനതകളുണ്ട്.<br>• ഭൂമി, വായു, ജലം സസ്യ-ജീവജാലങ്ങൾ എല്ലാം പരിസ്ഥിതി പ്രശ്നങ്ങളുടെ പ്രത്യാഘാതം നേരിടുന്നു.<br>• നല്ല നാളെക്ക് വേണ്ടി - പരിഹാരങ്ങൾ വികസനം - സുസ്ഥിരത - സമതുലനം. (development, sustainable development, equitable development) |

# അനുരൂപീകരണം നടത്തിയ പാഠഭാഗങ്ങൾ

| യൂണിറ്റ് 1- ആധുനിക ലോകത്തിന്റെ ഉദയം | |
|---|---|
| **മാറ്റം വരുത്തേണ്ട ഭാഗം /കുട്ടിക്ക് വിഷമമുള്ള ഭാഗം** | **മാറ്റം എങ്ങനെ?** |
| • ഇറ്റാലിയൻ നഗരങ്ങൾ (പേജ് 11) ഖണ്ഡിക മനസ്സിലാക്കാൻ കുട്ടിക്ക് വിഷമമുണ്ട്. | • ഇറ്റാലിയൻ നഗരങ്ങൾ കേന്ദ്രീകരിച്ച് വാണിജ്യ കേന്ദ്രങ്ങൾ ഉയർന്നുവന്നതും അതു നവോത്ഥാനത്തെ എങ്ങിനെയാണ് സഹായിച്ചതെന്നും ബുള്ളറ്റുകളിലൂടെ വ്യക്തമാക്കണം |
| • നവോത്ഥാനം (പേജ് 13, 14) | • നവോത്ഥാന കാലഘട്ടത്തിലെ പ്രധാനപ്പെട്ട കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും പേരും സൃഷ്ടികളും ഉൾപ്പെടുത്തി പട്ടിക തയാറാക്കുക |
| • മതനവീകരണം (പേജ് 16)ലെ പ്രവർത്തനം | • മതനവീകരണത്തിന്റെ കാരണങ്ങൾ കണ്ടെത്തുക |
| • പ്രതിനവീകരണം (പേജ് 17)ലെ പ്രവർത്തനം | • മതനവീകരണവും പ്രതിനവീകരണവും തമ്മിലുള്ള വ്യത്യാസം പട്ടികപ്പെടുത്തുക |
| • ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ (പേജ് 17, 18, 19) | • 15 ഉം 16 ഉം നൂറ്റാണ്ടുകളിൽ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളിലേക്ക് നയിച്ച സാഹചര്യങ്ങൾ പട്ടികപ്പെടുത്തുക.<br>• എക്സ് ആർ മാപ്പ്, മാർബിൾ തുടങ്ങിയ ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് നാവികരുടെ സഞ്ചാരപഥങ്ങൾ പരിചയപ്പെടുന്നു. പേജ് 19 ലെ പട്ടിക പൂർത്തിയാക്കുക |
| • ജ്ഞാനോദയം (പേജ് നമ്പർ 22, 23, 21) | • പേജ് 21-ലെ ജ്ഞാനോദയ കാലചിന്തകരുടെ പട്ടിക മാത്രം ഉപയോഗപ്പെടുത്തുക |
| **യൂണിറ്റ് 2- വിപ്ലവങ്ങളുടെ കാലം** | |
| • ഇംഗ്ലണ്ടിലെ - ആഭ്യന്തര സമരം എന്ന പാഠഭാഗം പേജ് 24, 25, 26 | • ചിത്രങ്ങൾ, പ്രധാന സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി പട്ടികയുടെ രൂപത്തിൽ അവതരിപ്പിച്ച് ചർച്ചചെയ്യണം-ആശയങ്ങൾ ക്രോഡീകരിക്കണം |
| • പെറ്റിഷൻ ഓഫ് റൈറ്റ്... പേജ് 27 ലെ പ്രവർത്തനം അടക്കമുള്ള പാഠഭാഗം | • പെറ്റിഷൻ ഓഫ് റൈറ്റ്, ബിൽ ഓഫ് റൈറ്റ്സ് എന്നിവ തമ്മിലുള്ള വ്യത്യാസം പട്ടികപ്പെടുത്തി കൊടുക്കണം. രാജവാഴ്ചയിൽ വന്നമാറ്റങ്ങൾ ഫ്ളോചാർട്ട് ആയി അവതരിപ്പിക്കണം. |
| • ഫ്രഞ്ച് വിപ്ലവം (പേജ് 30 ലെ) പ്രവർത്തനം | • എന്തുകൊണ്ടാണ് ഫ്രഞ്ച് ജനത ബാസ്തീയ കോട്ട തകർത്തത് - കുറിപ്പ് തയാറാക്കുക |

| | |
|---|---|
| • മുതലാളിത്തം പേജ് 35 ലെ പാഠഭാഗം | എന്തുകൊണ്ടായിരിക്കും ഫ്രാൻസിൽ മധ്യ വർഗ്ഗം ഭരണകൂടത്തിനെതിരെ തിരിഞ്ഞത്? കണ്ടെത്തുക ഈ മാതൃകയിൽ പ്രവർത്തന ങ്ങൾ മാറ്റിനൽക്കേണ്ടതാണ് അതോടൊപ്പം വീഡിയോ ചിത്രങ്ങൾ കൂടി നൽകണം.<br>• പേജ് 35, 36 ലെ രണ്ട് പ്രവർത്തനങ്ങൾക്കു പകരമായി മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള വ്യത്യാസങ്ങൾ കാണിക്കുന്ന പട്ടിക തയ്യാറാക്കി നൽകണം. |
| **യൂണിറ്റ് 3 – സാമ്രാജ്യത്വത്തിന്റെ വളർച്ച** | |
| • സാമ്രാജ്യത്വം പേജ് 39 മുതലുള്ള പാഠഭാഗം<br>• യൂറോപ്പിലെ ദേശീയത – പേജ് 48 മുതൽ പേജ് 50 വരെയുള്ള പാഠഭാഗം | • പേജ് 39 ലെ പ്രവർത്തനം ഒഴിവാക്കി വ്യവസായവൽക്കരണം കോളനീകരണത്തി ലേക്ക് നയിച്ചത് എങ്ങിനെ? കുറിപ്പ് തയാറാക്കു ക. ഇന്ത്യയിൽ കോളനീകരണത്തിനു സ്വീക രിച്ച നയങ്ങൾ തന്നെയാണോ ചൈനയിലും ബ്രിട്ടീഷുകാർ സ്വീകരിച്ചത്? പട്ടിക തയ്യാറാക്കി താരതമ്യം ചെയ്യുക.<br>• ഭൂപടം കൊടുത്ത് ആഫ്രിക്കൻ രാജ്യങ്ങളും കൊളോണിയൽ ശക്തികളും എന്ന പട്ടിക കൂടി നൽകണം. ഇറ്റലിയിലേയും ജർമ്മനിയിലേയും ദേശീയത ലോകസമാധാനത്തിന് വിലങ്ങായ തെങ്ങിനെ?<br>• ഒന്നാം ലോകയുദ്ധത്തിലേക്ക് നയിച്ച സഖ്യങ്ങ ളേതെന്നും അതിലുൾപ്പെട്ട രാജ്യങ്ങളേതെന്നും പട്ടികാ രൂപത്തിൽ കുട്ടികളിലേക്കെത്തിക്കണം |
| **യൂണിറ്റ് 4 – ലോകയുദ്ധവും തുടർച്ചയും** | |
| • ഒന്നാം ലോകയുദ്ധം പേജ് 53 മുതലുള്ള പാഠ ഭാഗം<br>• റഷ്യൻ വിപ്ലവം പേജ് 60 മുതലുള്ള പാഠഭാഗം<br>• സാമ്പത്തിക പരിഷ്കാരങ്ങൾ പേജ് 63 മുത ലുള്ള പാഠഭാഗം<br>• പഞ്ചവത്സര പദ്ധതികൾ പേജ് 64 മുതലുള്ള പാഠഭാഗം | • സി.ഡി, കാർട്ടൂൺ, ചിത്രങ്ങൾ എന്നിവ ഉൾപ്പെ ടുത്തി ആശയങ്ങൾ ചോർന്നു പോവാതെ അവ തരിപ്പിക്കണം<br>• നാടകാവിഷ്കാരത്തിന്റെ സാധ്യത പ്രയോജന പ്പെടുത്താവുന്നതാണ്.<br>• ഗ്രാഫ് ഉപയോഗപ്പെടുത്തി പട്ടികപ്പെടുത്തണം. വിശദീകരണം ഒഴിവാക്കാം<br>• പഞ്ചവത്സരപദ്ധതികൾ – മാറ്റങ്ങൾ, നേട്ടങ്ങൾ ഇവ പട്ടികയാക്കി നൽകണം. ക്രോഡീകരിക്ക ണം. |

| | |
|---|---|
| **യൂണിറ്റ് 5 – രണ്ടാം ലോകയുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും** | |
| • യുദ്ധത്തിന്റെ ഭീകരത പേജ് 82 ലെ പാഠഭാഗം | • സി.ഡി, അഭിമുഖം, ഭീകരത കാണിക്കുന്ന കുറച്ചു കൂടെ ചിത്രങ്ങൾ, ചാർട്ട് എന്നിവ ഉൾപ്പെടുത്തി പ്രവർത്തനം നൽകണം |
| **യൂണിറ്റ് 6 – പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ വൈഷണിക പ്രവണതകൾ** | |
| • ഈ പാഠഭാഗം പുസ്തകത്തിലുള്ളതുപോലെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കാത്തതിനാൽ ഇതിന്റെ സത്ത മാത്രം കുട്ടികളിലേക്കെത്തിക്കുന്ന രൂപത്തിൽ വൈഷണിക ചിന്തകൾ ഉപജ്ഞാതാക്കൾ, പ്രധാന ആശയങ്ങൾ എന്നിവ മാത്രം ഉൾപ്പെടുത്തി പട്ടികാരൂപത്തിൽ കൊടുക്കണം | |
| **യൂണിറ്റ് 7 – ഇന്നത്തെ ഇന്ത്യ** | |
| • മാറ്റമില്ല | |
| **യൂണിറ്റ് 8 – കേരളപ്പുതുമ** | |
| • തോട്ടവിള പേജ് 120 ലെ പാഠഭാഗത്തിലെ പ്രവർത്തനം | • ചർച്ച ഒഴിവാക്കി ഭൂവുടമവ്യവസ്ഥിതിയിൽ വന്ന മാറ്റം, കാർഷിക രംഗത്ത് വരുത്തിയ മാറ്റങ്ങൾ ലിസ്റ്റ് ചെയ്യാനുള്ള പ്രവർത്തനം നൽകണം |
| **യൂണിറ്റ് 9 – ദേശീയോദ്ഗ്രഥനം** | |
| • മാറ്റമില്ല | |
| **യൂണിറ്റ് 10 – ജനാധിപത്യം** | |
| • പേജ് 148 മുതൽ പേജ് 151 വരെയുള്ള പാഠഭാഗം | • ജനാധിപത്യത്തിന്റെ വിജയത്തിന് നിദാനമായ ഘടകങ്ങൾ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ, ജനാധിപത്യത്തിന്റെ വിവിധ തലങ്ങൾ എന്നിവ ഫ്ളോചാർട്ടായും ബുളറ്റുകളായും മാറ്റണം. |
| **യൂണിറ്റ് 11 – മനുഷ്യാവകാശങ്ങൾ** | |
| • പുസ്തകത്തിലെ 155 മുതലുള്ള പാഠഭാഗം | • താരതമ്യപഠനം, പട്ടികപ്പെടുത്തൽ, പ്രധാനപ്പെട്ട അവകാശങ്ങൾ ബുള്ളറ്റ് ആയി നൽകൽ എന്നിവയാകാം. |
| **യൂണിറ്റ് 12 – സമാധാനവും സുരക്ഷിതത്വവും അന്തർ ദേശീയ സംഘടനകളിലൂടെ** | |
| • സംഘടന രൂപം കൊള്ളുന്നു<br>പേജ് 169 പാഠഭാഗം | • വിശദാംശങ്ങൾ ഒഴിവാക്കാം |